## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1519 14.06.2013-ൽ മറുപടിയ്ക്ക്

### സർവ്വീസ് ബുക്കുകൾ വിതരണം ചെയ്യുന്നതിന് ഏജൻസികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കെ. നാരായണൻ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പെൻഷൻ ബുക്ക്, സർവ്വീസ് ബുക്ക്, ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനുള്ള ബുക്കുകൾ എന്നിവ വിതരണം നടത്തുന്നതിന് എത്ര ഏജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 160 ഏജൻസികൾക്ക് അനുവാദം നൽകിയിട്ടുണ്ട് |
| (ബി) ഇതിന്റെ ജില്ലതിരിച്ചുള്ള വിശദവിവരം വെളിപ്പെടുത്താമോ; | (ബി) ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. ഏജൻസികളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>തിരുവനന്തപുരം - 33<br>കൊല്ലം - 14<br>പത്തനംതിട്ട - 2<br>ആലപ്പുഴ - 11<br>കോട്ടയം - 9<br>എറണാകുളം - 16<br>ഇടുക്കി - 1<br>തൃശ്ശൂർ - 12<br>പാലക്കാട് - 11<br>മലപ്പുറം - 13 |

| | |
|---|---|
| കോഴിക്കോട് | - 17 |
| വയനാട് | - 3 |
| കണ്ണൂർ | - 14 |
| കാസർഗോഡ് | - 3 |
| ന്യൂ ഡെൽഹി | - 1 |

(സി) ഏജൻസികൾക്ക് ആവശ്യത്തിന് ബുക്ക് ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ ഏജൻസികളിൽനിന്നും മുൻകൂർ പണം സ്വീകരിച്ച് ആവശ്യമായ എണ്ണം വിതരണം ചെയ്യുന്നതിന് തയ്യാറാകുമോ;

(സി) ഏജൻസികളിൽ നിന്നും മുൻകൂർ പണം സ്വീകരിച്ച് ആവശ്യമായ എണ്ണം പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്ന രീതി ഇപ്പോൾ നിലവിലില്ല.

(ഡി) സർക്കാർ പ്രസ്സിലെ തിരക്കാണ് കാരണമെങ്കിൽ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റേതെങ്കിലും ഏജൻസിയെ ഈ ബുക്കുകൾ അച്ചടിപ്പിക്കുന്നതിന് ഏൽപിക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) യും (ഇ) യും

പ്രസ്സിൽ നിന്നും അച്ചടിക്കേണ്ട പുസ്തകങ്ങളുടെ വിവരം ലഭ്യമാകുന്ന മുറക്ക് അനുവാദം നല്കുകയും അവ അച്ചടിക്കുന്നതിന് അച്ചടി വകുപ്പിനെ മാത്രമാണ് ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുള്ളത്. മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. 2,00,000 (2 ലക്ഷം) പെൻഷൻ ബുക്കുകൾ അച്ചടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റോക്ക് തീർന്ന പുസ്തകങ്ങൾ പുനരച്ചടിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുന്നതാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ